## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 70

05.02.2020 ലെ മറുപടിയ്ക്ക്.

## വാത്സല്യനിധി പദ്ധതി

<table>
<tr><td colspan="2">ചോദ്യം<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.മുരളി പെരുനെല്ലി<br>". പി. ഉണ്ണി<br>". പുരുഷൻ കടലുണ്ടി</td><td colspan="2">ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്കായി വാത്സല്യനിധി എന്ന പേരിൽ സാമൂഹ്യ സുരക്ഷാ ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;</td><td>(എ)</td><td>ആവിഷ്കരിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ തുടങ്ങിയവ ഉറപ്പാക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;</td><td rowspan="2">(ബി)<br>&<br>(സി)</td><td>കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പ്, എൽ.ഐ.സി. ഓഫ് ഇന്ത്യ മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000/- രൂപ നാല് ഗഡുക്കളായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000/- രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് തിരിച്ച് നൽകുന്നു.</td></tr>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഈ പദ്ധതിപ്രകാരം ഓരോ പെൺകുട്ടിയ്ക്കും എത്ര തുകയാണ് ലഭിക്കുന്നതെന്നും അറിയിക്കാമോ?</td><td><table>
<tr><th>മാനദണ്ഡങ്ങൾ</th><th>നിക്ഷേപ തുക</th><th>പ്രീമിയം</th></tr>
<tr><td>1) പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കണം<br><br>2) ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവയ്പ്പുകൾ എടുത്തിരിക്കണം</td><td>39,000/-</td><td>I</td></tr>
<tr><td>1) പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം<br>2) പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ</td><td>36,000/-</td><td>II</td></tr>
</table></td></tr>
</table>

നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ എടുത്തിരിക്കണം.

| | | |
|---|---|---|
| അഞ്ചാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം | 33,000/- | III |
| പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം | 30,000/- | IV |

കൂടാതെ താഴെ ചേർത്ത പ്രകാരം പെൺകുട്ടിക്കും അച്ഛൻ/അമ്മ, സഹോദരൻ/സഹോദരിക്കും ആനുകൂല്യങ്ങൾ എൽ.ഐ.സി. വഴി ലഭിക്കുന്നു.

ആകസ്മിക മരണത്തിന്

| | | |
|---|---|---|
| വരുമാനദായകൻ | സാധാരണ മരണം | 2,00,000/- രൂപ |
| | അപകട മരണം | 4,00,000/- രൂപ |
| | അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം | 1,00,000/- രൂപ |
| | അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000 രൂപ |

| | | |
|---|---|---|
| മറ്റ് രക്ഷകർത്താവ് | സാധാരണ മരണം | 30,000/- രൂപ |
| | അപകട മരണം | 30,000/-രൂപ |
| കുട്ടി | സാധാരണ മരണം | 3,00,000/- ൽ നിന്നും കുട്ടിയുടെ പ്രീമിയമായി അടക്കുവാൻ ബാക്കിയുള്ള തുക കുറച്ചതിന്റെ ബാക്കി തുക ഇൻഷ്വറൻസ് ആനുകൂല്യമായി എൽ.ഐ.സി. കൊടുക്കുന്നതായിരിക്കും |
| | അപകട മരണം | |

| | | | | | |
|---|---|---|---|---|---|
| | | | | | (ആയത് 8 വയസ്സിന് ശേഷം മാത്രം ബാധകമായിരിക്കും, 8 വയസ്സിന് ശേഷമാണ് ഇൻഷുറൻസ് കവറേജ് |
| | | | വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ | | |
| | | | സ്വീകർത്താവ് | പഠിക്കുന്ന സ്റ്റാൻഡേർഡ് | തുക |
| | | | പെൺകുട്ടി | 9,10,11,12 | 1200/- രൂപ ഓരോ വർഷവും |
| | | | സഹോദരനോ/ സഹോദരിക്കോ | 9,10,11,12 | 1200/- രൂപ ഓരോ വർഷവും |

സെക്ഷൻ ഓഫീസർ